*ഭാരതത്തിലെ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സമതിയാണ് ദേശീയ-സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ. കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അവകാശങ്ങളെപ്പറ്റി ബോധവാന്മാരാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സംസാരിക്കാൻ അതിഥിയായി ഈ ലക്കത്തിലുള്ളത് സംസ്ഥാന ന്യൂനപക്ഷ കമ്മീഷനംഗം അഡ്വ. ബിന്ദു എൻ. തോമസാണ്.*

## ന്യൂനപക്ഷ അവകാശങ്ങളെപ്പറ്റി

# ക്രൈസ്തവർക്ക് അറിവില്ല

**മുസ്ലീം വിഭാഗത്തിന് അവരുടെ മഹല്ലു വഴിയൊക്കെ ബോധവത്കരണം കിട്ടുന്നതുകൊണ്ട് അവർക്ക് ലഭിക്കേണ്ട അവകാശങ്ങൾ നേടിയെടുക്കാൻ അവർ പരിശ്രമിക്കുന്നു. ക്രിസ്ത്യാനികൾക്ക് അങ്ങനൊരു ബോധവത്കരണം എങ്ങുനിന്നും കിട്ടുന്നില്ല. അതുകൊണ്ടാണ് ഞങ്ങൾ നേരിട്ടിറങ്ങി ബോധവത്കരണം നൽകുന്നത്.**



*▸ ന്യൂനപക്ഷ കമ്മീഷന്റെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണ്?*

സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക. കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനുംവേണ്ടി, ഭാരതത്തിന്റെ ഭരണഘടനയിലോ മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതി അന്വേഷിക്കുകയും നിരീക്ഷണ വിധേയമാക്കു



കയും ചെയ്യുക. ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹാരനടപടികൾ നിർദേശിക്കുകയും അതു സംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും ചെയ്യുക. ന്യൂനപക്ഷങ്ങളോടുള്ള വിവേചനങ്ങളിൽ നിന്ന് ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും അവ ഒഴിവാക്കുന്നതിന് നടപടികൾ ശുപാർശ ചെയ്യുകയും ചെയ്യുക. സാമുദായികസംഘർഷസാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ ക്രമസമാധാന പാലന സംവിധാനം ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വീഴ്ചകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക.

- *സംസ്ഥാനതലത്തിലും ദേശീയതലത്തിലും ഇത്തരമൊരു കമ്മീഷൻ സ്ഥാപിക്കാനുണ്ടായ കാരണം?*

ലോകരാഷ്ട്രങ്ങളിൽ ന്യൂനപക്ഷങ്ങൾക്ക് പീഡനങ്ങൾ അല്ലെങ്കിൽ വിവേചനങ്ങൾ ഉണ്ടാകുമ്പോൾ അത് ഐക്യരാഷ്ട്രസഭയുടെ ശ്രദ്ധയിൽപെടുത്തും. അപ്പോൾ ഐക്യരാഷ്ട്രസഭ അംഗരാഷ്ട്രങ്ങളോട് ന്യൂനപക്ഷങ്ങളുടെ സുരക്ഷയ്ക്കും പരിരക്ഷയ്ക്കും വേണ്ടി എന്തെങ്കിലും സംവിധാനം രാഷ്ട്രങ്ങളിൽ ഉണ്ടാകേണ്ടത് ആവശ്യമാണ് എന്ന് നിർദേശിക്കാറുണ്ട്. അതനുസരിച്ചാണ് ഇന്ത്യയിൽ 1992 ൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നതും പ്രവർത്തനമാരംഭിച്ചതും.

- *കേരള ന്യൂനപക്ഷ കമ്മീഷന്റെ മുഖ്യ നേട്ടങ്ങൾ?*

കേരളത്തിലെ പ്രധാന ന്യൂനപക്ഷങ്ങൾ ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങളും കുറച്ചു ജൈന വിഭാഗവും മാത്രമാണ്. അതിൽ ജൈന വിഭാഗക്കാർ അധികം ഇല്ല. മുസ്ലീം വിഭാഗത്തിനും ക്രിസ്ത്യൻ വിഭാഗത്തിനും വേണ്ടി വെവ്വേറെ സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. ഈ ന്യൂനപക്ഷങ്ങളിൽപെടുന്ന പലർക്കും തങ്ങൾ ന്യൂനപക്ഷവിഭാഗത്തിൽ പെടുന്നവരാണെന്നും തങ്ങൾക്കു ലഭ്യമാകുന്ന അവകാശങ്ങൾ എന്തെല്ലാമാണെന്നും അറിയില്ല. അത് അറിയാത്തിടത്തോളം അവർക്കുള്ള പരിരക്ഷ നേടിയെടുക്കാനാവില്ല. അതുകൊണ്ട്, ന്യൂനപക്ഷ കമ്മീഷൻ എന്ത്, അത് എന്തിനു വേണ്ടിയാണ്, ഭരണഘടനയിൽ ന്യൂനപക്ഷപരിരക്ഷയ്ക്കു വേണ്ടിയുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്, അവർക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികൾ എന്തൊക്കെയാണ് ഇതൊക്കെ പറഞ്ഞുകൊടുത്തുകൊണ്ടുള്ള ബോധവത്കരണ സെമിനാറുകൾ എല്ലാ ജില്ലകളിലും നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ നിരവധി ജില്ലകൾ ഇപ്പോൾ കഴിഞ്ഞു. എല്ലാ ജില്ലകളിലും നമ്മൾ സിറ്റിംഗ് നടത്താറുണ്ട്. ആ സിറ്റിംഗുകളിൽ വളരെയധികം പരാതികൾ പരിഹരിക്കപ്പെടുന്നുണ്ട്. ന്യൂനപക്ഷ കമ്മീഷനേക്കുറിച്ച് സാധാരണ ജനങ്ങളിൽ കൂടുതൽ

**ന്യനപക്ഷക്ഷേമവകുപ്പ് സംസ്ഥാന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം?**

a) ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി (വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുമുള്ള ഭവന നിർമ്മാണ പദ്ധതി)
b) വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട എന്നീ വിഭാഗങ്ങളിലെ സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി
c) സൗജന്യ വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് പരിശീലനം
d) ജോസഫ് മുണ്ടശേരി സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്)
e) സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്
f) സ്വകാര്യ ഐറ്റിഐ വിദ്യാർത്ഥികൾക്ക് ഫീ-റീഇംമ്പേഴ്സ്മെന്റ് സ്കീം
g) ചാർട്ടേർഡ് അക്കൗണ്ടൻസി/കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്
h) അഖിലേന്ത്യ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി
i) ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്
j) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി
k) ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജുകളിലെ സ്കൂളുകളിൽ വിർചൽ/സ്മാർട്ട് ക്ലാസ് റൂം
l) ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങളും (സി.സി.എം.വൈ) ഉപകേന്ദ്രങ്ങളും
m) കേരള മദ്രസാ അധ്യാപകക്ഷേമനിധിയും പെൻഷൻ പദ്ധതിയും
1. പെൻഷൻ പദ്ധതി
2. വിവാഹ ധനസഹായം
3. ചികിത്സാ ധനസഹായം
4. എസ് എസ് എൽ സി, പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ്
5. ഭവന പദ്ധതി
6. പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ
n) ന്യൂനപക്ഷ സർട്ടിഫിക്കറ്റ്

അവബോധം ചെലുത്താൻ ഇത്തരം സിറ്റിംഗുകൾക്കു സാധിക്കുന്നു.

▸ *കേരളത്തിലെ ക്രൈസ്തവ സമുദായത്തിന്റെ ഉന്നമനത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള മൈനോറിറ്റി കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?*

ക്രൈസ്തവസമൂഹത്തെ മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ പ്രത്യേകിച്ചില്ല. കാരണം കമ്മീഷന്റേത് എല്ലാ ന്യൂനപക്ഷ വിഭാഗത്തിനും ഒരേ പ്രാധാന്യം നൽകി എല്ലാ ന്യൂനപക്ഷങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ്. ക്രൈസ്തവരുടെ ഏറ്റവും വലിയ പ്രശ്നം ഭൂരിഭാഗം ക്രൈസ്തവർക്കും തങ്ങൾ ന്യൂനപക്ഷ വിഭാഗത്തിൽപെടുന്നവരാണ് എന്ന് അറിയില്ല എന്നതാണ്. ന്യൂനപക്ഷ വകുപ്പിന്റെ കീഴിലുള്ള ക്ഷേമവകുപ്പുകൾ ക്രൈസ്തവർക്കുകൂടി വേണ്ടിയുള്ളതാണെന്ന് അവർക്കറിയില്ല. അപ്പോൾ അത് അവരിലേക്ക് എത്തിക്കുന്നതിനായി ബോധവത്കരണ സെമിനാറുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. മുസ്ലീം വിഭാഗത്തിന് അവരുടെ മഹല്ലു വഴിയൊക്കെ ബോധവത്കരണം കിട്ടുന്നതുകൊണ്ട് അവർക്ക് ലഭിക്കേണ്ട അവകാശങ്ങൾ നേടിയെടുക്കാൻ അവർ പരിശ്രമിക്കുന്നു. ക്രിസ്ത്യാനികൾക്ക് അങ്ങനൊരു ബോധവത്കരണം എങ്ങുനിന്നും കിട്ടുന്നില്ല. അതുകൊണ്ടാണ് ഞങ്ങൾ നേരിട്ടിറങ്ങി ബോധവത്കരണം നൽകുന്നത്.

▸ *ന്യൂനപക്ഷ ക്ഷേമത്തിനായി ഭാവിയിൽ നടപ്പിൽ വരുത്താനായി ഉദ്ദേശിക്കുന്ന എന്തെങ്കിലും പദ്ധതികൾ?*

ന്യൂനപക്ഷങ്ങൾക്കുവേണ്ടി, ന്യൂനപക്ഷങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ, സാമൂഹികമായും, സാമ്പത്തികമായും വിദ്യാഭ്യാസപരവുമായുള്ള അവസ്ഥകൾ അത് പിന്നാക്കമാണോ എന്നറിയാനായി പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. അപ്പോൾ അതിനുവേണ്ടി ഏതെങ്കിലും ഒരു വിഭാഗം നിവേദനം നൽകുകയാണെങ്കിൽ ആ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ റിസേർച്ച് വിംഗിനെ ഏൽപിച്ച് അവർ അതിന്മേൽ പഠനം നടത്തി കമ്മീഷന് റിപ്പോർട്ട് നൽകും. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മീഷന് സർക്കാരിന് നിർദേശങ്ങൾ കൊടുക്കാൻ സാധിക്കും.



*കേരളത്തിലെ സുറിയാനി കത്തോലിക്കർ ന്യൂനപക്ഷ കമ്മീഷന്റെ സഹായങ്ങൾ സ്വീകരിക്കുന്നതിൽ പിന്നാക്കം നിൽക്കുന്നതിന് കാരണമെന്തെങ്കിലും തോന്നിയിട്ടുണ്ടോ?*

സുറിയാനി ക്രൈസ്തവർ മാത്രമല്ല ക്രൈസ്തവവിഭാഗം ഒന്നാകെ അതിൽ വിമുഖതയാണോ അറിവില്ലായ്മ കൊണ്ടാണോ എന്നറിയില്ല ന്യൂനപക്ഷ കമ്മീഷന്റെ സഹായങ്ങൾ സ്വീകരിക്കുന്നതിൽ പിന്നോക്കമാണ്. ന്യൂനപക്ഷങ്ങൾക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്നതാണ് ന്യൂനപക്ഷ കമ്മീഷന്റെ ഉദ്ദേശവും ലക്ഷ്യവും. കേരളത്തിൽ ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒന്നു രണ്ടു സ്ഥാപനങ്ങൾ ഉണ്ട്. അതിൽ ഒന്നാണ് ന്യൂനപക്ഷ കമ്മീഷൻ. പിന്നെ ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്ന കോർപ്പറേഷനുകളുണ്ട്. കൂടാതെ ന്യൂനപക്ഷക്ഷേമ വകുപ്പ് നേരിട്ട് പല സ്കോളർഷിപ്പുകൾ കൊടുക്കുന്നുണ്ട്. മുമ്പ് പറഞ്ഞതുപോലെ ഇതിലെ ആനുകൂല്യങ്ങളൊക്കെ ലഭിക്കേണ്ടവരാണ് ക്രൈസ്തവവിഭാഗം എന്ന് അവർ അറിയണമെങ്കിൽ ന്യൂനപക്ഷ വിഭാഗത്തിൽ പെടുന്നവരാണ് ക്രൈസ്തവർ എന്ന് ആദ്യം അവരറിയണം. ആ അവബോധം അവരിൽ എത്തിയെങ്കിൽ മാത്രമേ ഈ ക്ഷേമ പദ്ധതികൾ സ്വീകരിക്കാനുള്ള ഒരു നിലയിലേക്ക് അവർ വളരുകയുള്ളൂ.

*വളർന്നുവരുന്ന വർഗീയപ്രവണതകളുടെയും മറ്റും പശ്ചാത്തലത്തിൽ ഭാരതത്തിൽ ന്യൂനപക്ഷങ്ങളുടെ ഭാവി അപകടത്തിലാണ് എന്ന് കമ്മീഷനാംഗം എന്ന നിലയിൽ തോന്നുന്നുണ്ടോ?*

രാജ്യത്ത് ചുരുക്കം ചിലയിടങ്ങളിൽ ന്യൂനപക്ഷങ്ങൾക്ക് പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. അങ്ങനെ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഇടപെടാനുള്ള ഒരു സംവിധാനമാണ് ന്യൂനപക്ഷ കമ്മീഷൻ. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ കമ്മീഷന്റെ അറിവിൽ വരികയാണെങ്കിൽ തീർച്ചയായും ഇടപെടും. അതു പരിഹരിക്കാനുള്ള സംവിധാനങ്ങൾ ചെയ്യും. ഇനി അങ്ങനെയുണ്ടാകാൻ സാധ്യതയുണ്ടെങ്കിൽപോലും കമ്മീഷൻ സ്വമേധയാ കേസെടുത്ത് പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ തേടും.

*ന്യൂനപക്ഷ കമ്മീഷനിൽ പരാതി സമർപ്പിക്കേണ്ടത് എങ്ങനെയാണ്?*

ന്യൂനപക്ഷങ്ങൾക്കും/ന്യൂനപക്ഷ സ്ഥാപനങ്ങൾക്കുമുള്ള പരാതികൾ രേഖാമൂലം തയ്യാറാക്കി കമ്മീഷൻ ഓഫീസിൽ നേരിട്ടോ തപാൽ മാർഗമോ നൽകാവുന്നതാണ്. കമ്മീഷൻ നടത്തുന്ന ജില്ലാതല സിറ്റിംഗുകളിലും പരാതികൾ നേരിട്ട് സ്വീകരിക്കുന്നതാണ്. പരാതി സമർപ്പിക്കുന്നതിന് യാതൊരുവിധ ഫീസും നൽകേണ്ടതില്ല. പരാതി ബോധിപ്പിക്കുന്ന വ്യക്തിയുടേയോ സ്ഥാപനത്തിന്റേയോ പൂർണമായ വിലാസം (പിൻകോഡും ഫോൺ നമ്പറും സഹിതം) പരാതിയിൽ കാണിക്കേണ്ടതാണ്. പരാതിക്കാരന്റെ പേരും വിലാസവും ഒപ്പും ഇല്ലാത്ത പരാതി കമ്മീഷൻ സ്വീകരിക്കുന്നതല്ല.

*ഈ അഭിമുഖത്തിലെ അവസാന ചോദ്യം വ്യക്തിപരമാണ്. കുടുംബത്തെപ്പറ്റി പറയാമോ?*

വളരെ ഉത്തരവാദിത്വം കൂടിയ ഒരു ജോലി കൈകാര്യം ചെയ്യുന്നതുകൊണ്ടുതന്നെ ഒരുപാട് തിരക്കുകൾക്കിടയിലും കുടുംബത്തോടൊപ്പം സമയം ചിലവഴിക്കാൻ ശ്രമിക്കാറുണ്ട്. പല മതവിഭാഗങ്ങളുടെ കാര്യങ്ങളിൽ ഇടപെടുമ്പോൾ ശ്രദ്ധയോടെ കാര്യങ്ങൾ പരിഗണിക്കുകയും ഒരു വിഭാഗത്തിനും ദുഃഖമുണ്ടാകാത്ത തരത്തിൽ അല്ലെങ്കിൽ അവർക്ക് മാനസികമായി പ്രശ്നമുണ്ടാകാത്ത രീതിയിൽ പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് വളരെ ശ്രമകരമാണ്. എങ്കിലും ജീവിതം കുഴപ്പമില്ലാതെ നന്നായി മുന്നോട്ടു പോകുന്നു. ഭർത്താവ് അഭിഭാഷകനാണ്. മൂന്നു പെൺമക്കൾ. മൂന്നുപേരും പഠിക്കുന്നു. കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ മെമ്പർ എന്ന പദവിയിൽ ആയിരിക്കുമ്പോഴും അഭിഭാഷകജീവിതവും ഞാൻ ഇഷ്ടപ്പെടുന്നു.